LIBRARY ARCHIVES Kerala Legislative Assembly

(iii) 2021-ലെ കേരള ശുദ്ധജല ലഭ്യത ഉറപ്പാക്കുന്നതിനുള്ള അതോറിറ്റി രൂപീകരണ ബിൽ

ശ്രീ. പി. ടി. തോമസ്: സർ, 2021-ലെ കേരള ശുദ്ധജല ലഭ്യത ഉറപ്പാക്കുന്നതിനുള്ള അതോറിറ്റി രൂപീകരണ ബിൽ ഏറ്റവും പ്രധാനപ്പെട്ടതാണ്. ലോകാരോഗ്യ സംഘടനയുടെ കുടിവെള്ളം സംബന്ധിച്ച മാനദണ്ഡത്തിൽ വ്യക്തമായ ചില നിബന്ധനകൾ പറഞ്ഞിട്ടുണ്ട്. എന്നാൽ പല രാജ്യങ്ങളും കാലാവസ്ഥ, ഭൂപ്രകൃതി, തുടങ്ങി മറ്റ് സാഹചര്യങ്ങളൊക്കെ കണക്കിലെടുത്ത് ശുദ്ധജല ലഭ്യതയ്ക്കായി അതാത് രാജ്യങ്ങളുടേതായ ചില പദ്ധതികൾക്ക് രൂപം കൊടുത്തിട്ടുണ്ട്. കാലാവസ്ഥാ വ്യതിയാനവും വരൾച്ചയുംമൂലം ശുദ്ധജലം ലഭ്യമല്ലാത്ത ഒട്ടേറെ സാഹചര്യങ്ങളുണ്ട്. കേരളത്തെ സംബന്ധിച്ച് ശുദ്ധജലം ലഭ്യമാക്കാനുള്ള എല്ലാ സാഹചര്യങ്ങളുമുണ്ടെങ്കിലും അനുദിനം, അനുനിമിഷം നമ്മുടെ ജലസ്രോതസ്സുകൾ വൻതോതിൽ മലിനപ്പെട്ടുകൊണ്ടിരിക്കുകയാണ്. അതിന് അറുതിവരുത്താത്തിടത്തോളം നമുക്ക് ശുദ്ധജലം എന്നുള്ളത് വലിയൊരു കിട്ടാക്കനിയായി മാറുമെന്നുള്ളതിൽ സംശയമില്ല. അപ്പോൾ അതിനുള്ള ആസൂത്രണവും മാനേജ്മെന്റും അത്യാവശ്യഘടകങ്ങളാണെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. നഗരവൽക്കരണത്തെ തുടർന്നുണ്ടാകുന്ന പ്രശ്നങ്ങളും ജനസംഖ്യാ വിസ്ഫോടനവും ഈ മേഖലയിൽ ശുദ്ധജല ലഭ്യത കുറച്ചുകൊണ്ടുവന്നിരിക്കുകയാണ്. ലഭിക്കുന്ന ജലത്തെ സംസ്കരിക്കുന്ന രീതി അശാസ്ത്രീയവും വളരെ പഴക്കംചെന്നിട്ടുള്ളതുമാണ്. അതിന് മാറ്റം വരേണ്ടതുണ്ട്.

ശ്രീ. നജീബ് കാന്തപുരം: സർ, ശുദ്ധജല ലഭ്യത ഉറപ്പാക്കുന്ന സമയത്തുതന്നെ നമ്മുടെ നാട്ടിലെ ഏറ്റവും വലിയ പ്രതിസന്ധിയെന്നുപറയുന്നത് കുഴൽക്കിണറുകളുടെ നിർമ്മാണമാണ്. അത് നിയന്ത്രിക്കാൻ എന്തെങ്കിലും ശിപാർശയുണ്ടോ?

ശ്രീ. പി. ടി. തോമസ്: സർ, തീർച്ചയായും അത് അടിയന്തരമായി നിയന്ത്രിക്കേണ്ടതുതന്നെയാണ്. ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന കുഴൽക്കിണറുകളെ സംബന്ധിച്ച് കഴിഞ്ഞ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ചില ഉദാഹരണങ്ങൾ പറയുകയുണ്ടായി. ഇത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. മാത്രമല്ല, കുഴൽക്കിണറിലെ വെള്ളം കുടിക്കുന്നതുകൊണ്ട് കിഡ്നി, കരൾ

LIBRARY ARCHIVES Kerala Legislative Assembly

സംബന്ധമായ രോഗങ്ങൾ വളരെ ഗുരുതരമായി ബാധിക്കുന്നുവെന്ന് ആരോഗ്യ വകുപ്പിന്റെ റിപ്പോർട്ടുണ്ട്. അതിനകത്തുള്ള പല മൂലകങ്ങളും ഗുരുതരമായ ആരോഗ്യപ്രശ്നം ഉണ്ടാക്കുന്നതാണെന്നും കണ്ടെത്തിയിട്ടുണ്ട്. എല്ലാ കഴൽക്കിണറുകളിലെയും വെള്ളം കുടിക്കാൻ കഴിയില്ല. ഏറ്റവും ചുരുങ്ങിയത്, തിളപ്പിച്ചാറ്റിയ വെള്ളമെങ്കിലും കുടിക്കേണ്ടതാണ്. കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആൻഡ് ടെക്നോളജി 1980 മുതൽ എൻവയോൺമെന്റ് സ്റ്റഡീസ് വിഭാഗം ആരംഭിച്ചിട്ടുണ്ട്. അവിടെനിന്നും അയ്യായിരത്തിൽപ്പരം വിദ്യാർത്ഥികൾ ബിരുദ-ബിരുദാനന്തരബിരുദ പഠനം പൂർത്തിയാക്കി പുറത്തുവന്നിട്ടുണ്ട്. എന്നാൽ ശുദ്ധജലം സംസ്കരിക്കുന്നതുമായി ബന്ധപ്പെട്ടോ ജലവിതരണവുമായി ബന്ധപ്പെട്ടോ ഇവരെ ഉപയോഗപ്പെടുത്തുന്ന കാര്യം ആലോചിച്ചിട്ടില്ല. അതുകൊണ്ട് കേരളത്തിൽ ഏറ്റവും കൂടുതൽ ജനങ്ങൾക്ക് വെള്ളം കൊടുക്കുന്ന ആലുവ വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റിലെ ജലശുദ്ധീകരണത്തിന്റെ മേൽനോട്ട ചുമതലയുള്ളായി കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആൻഡ് ടെക്നോളജിയുടെ എൻവയോൺമെന്റ് സ്റ്റഡീസ് വിഭാഗത്തെ ഉപയോഗപ്പെടുത്താൻ കഴിഞ്ഞാൽ പ്രയോജനകര മായിരിക്കുമെന്നാണ് എന്റെ അഭിപ്രായം. ജലശുദ്ധീകരണത്തിനായി ശാസ്ത്രീയമായി ധാരാളം പഠനങ്ങൾ നടത്തുന്നുണ്ട്. നമ്മൾ ജലം ശുദ്ധീകരിക്കാൻവേണ്ടി കുറെ കുമ്മായം ഇടുക മാത്രമാണ് ചെയ്യുന്നത്. ഇന്ന് അതിനെ അതിജീവിച്ച് ധാരാളം രോഗാണുക്കൾ പടർന്നുവരുന്നതിനാൽ വളർന്നുവരുന്ന കുഞ്ഞുങ്ങൾക്കുവേണ്ടിയും ജീവിച്ചിരിക്കുന്ന വർക്കുവേണ്ടിയും വരാൻപോകുന്ന തലമുറയ്ക്കുവേണ്ടിയും ശുദ്ധജലം ഉറപ്പാക്കുക എന്നുള്ളത് അനിവാര്യമാണ്. സർക്കാർ ഈ രംഗത്ത് ശക്തമായ നിലപാടുകൾ സ്വീകരിച്ചില്ലെങ്കിൽ വലിയ ദുരന്തങ്ങൾ സംഭവിക്കും. ജലത്തിലടങ്ങിയിരിക്കുന്ന മൂലകങ്ങൾ കാരണം ഗുരുതര ആരോഗ്യ പ്രശ്നങ്ങളാണുണ്ടാകുന്നത്. കിഡ്നി രോഗികളുടെ എണ്ണം ദിവസംതോറും വർദ്ധിക്കുകയാണ്. കഴൽക്കിണർ വെള്ളമൊക്കെ അതിനൊരു പ്രധാന കാരണമാണ്. ശുദ്ധജലമെന്നത് ഒരു പൗരന്റെ മൗലികമായ അവകാശമായി മാറ്റുന്നതിന് സർക്കാരിന്റെ ഭാഗത്തുനിന്ന് ശക്തമായ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. അതിലൂടെ മാത്രമേ നാളത്തെ തലമുറയ്ക്ക് ഇവിടെ നിലനിൽക്കാൻ കഴിയുകയുള്ളൂ. ശുദ്ധജല പ്ലാന്റുകളും സംഭരണികളും വിതരണ സിസ്റ്റവും പരിശോധിച്ചാൽ പൈപ്പിൽ വിള്ളൽ വീണതായും വെള്ളം ഇല്ലാത്ത സമയത്ത് ആ വിള്ളലിലൂടെ ചെളി പൈപ്പിലേയ്ക്ക് വരുന്നതായും മനസ്സിലാക്കാൻ

കഴിയും. ഈ ചെളിവെള്ളം ഉപയോഗിക്കുന്നതിലൂടെ ഗുരുതരമായ പ്രശ്നങ്ങളാണുണ്ടാകുന്നത്. കുടിവെള്ളമെത്തിക്കുന്നതിനുള്ള സിസ്റ്റമൊക്കെ ലോകത്തിന്റെ പലഭാഗത്തും വലിയതോതിൽ മാറിക്കഴിഞ്ഞു. ഇപ്പോഴും നമ്മൾ പഴയ സിസ്റ്റവുമായി നിൽക്കുകയാണ്.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, കുടിവെള്ളം വില കൊടുത്ത് വാങ്ങേണ്ടിവരുമെന്ന് പണ്ടത്തെ ആളുകൾ ചിന്തിച്ചിട്ടുണ്ടാകില്ല. ഏറ്റവും കൂടുതൽ കുടിവെള്ളം ലഭ്യമാകുന്ന ഈ സാഹചര്യത്തിൽ കുടിവെള്ളം വിലകൊടുത്ത് വാങ്ങേണ്ടിവരുന്ന അഭിപ്രായത്തോട് അങ്ങ് യോജിക്കുന്നുണ്ടോ?

ശ്രീ. പി. ടി. തോമസ്: സർ, 2021-22-ൽ കേന്ദ്രഗവൺമെന്റ് ജൽ ജീവൻ മിഷൻവഴി 1,804 കോടി രൂപ ശുദ്ധജലം ലഭ്യമാക്കാൻ അനുവദിക്കുന്നുണ്ട്. 66 ലക്ഷത്തോളം വരുന്ന വീടുകളിൽ കുടിവെള്ളമെത്തിക്കാനുള്ള പദ്ധതിയിൽ ശുദ്ധജല ലഭ്യത ഉറപ്പാക്കുന്നത് സംബന്ധിച്ച വിഷയം പ്രധാനപ്പെട്ടതാണ്. ആയതിനാൽ മറ്റൊരു ദിവസം ഈ വിഷയം ചർച്ച ചെയ്യാവുന്നതാണ്. ഇത് തുടർചർച്ചയ്ക്കായി മാറ്റിവയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ബിൽ തുടർചർച്ചയ്ക്കായി മാറ്റിവയ്ക്കുന്നു.

(ചർച്ച തുടരും)

ഓർഡർ..... ഓർഡർ..... സഭ ഇപ്പോൾ പിരിയുന്നതും തിങ്കളാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2021 ആഗസ്റ്റ് മാസം 09-ാം തീയതി തിങ്കളാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ ഉച്ചയ്ക്കുശേഷം 12.30-ന് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly